**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **30-09-2025 - ൽ മറുപടിയ്ക്ക്**

**സി. എം. വിത്ത് മി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജനങ്ങളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (സി. എം. വിത്ത് മി) എന്ന സിറ്റിസൺസ് കണക്ട് സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | പൊതുജനങ്ങളുടെ പരാതികൾക്ക് മറുപടിയും പരിഹാരവും ഉറപ്പാക്കുന്നതിനും, അടിയന്തര ഘട്ടങ്ങളിൽ കൃത്യമായ വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നതിനുമായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (CM with Me) എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സുതാര്യമായ ഈ സംവിധാനത്തിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ എന്നതിലുപരി നവകേരളത്തെ രൂപപ്പെടുത്തുന്നതിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുന്നതിനാണ് പുതിയ സംരംഭം ആരംഭിച്ചിട്ടുള്ളത്.<br><br>നിരന്തര സംവാദത്തോടൊപ്പം ജനസേവനം പ്രദാനം ചെയ്യുന്ന നൂതന സംവിധാനമായിരിക്കും സിറ്റിസൺ കണക്ട് സെന്റർ. |
| (ബി) | സംസ്ഥാനത്ത് വിവിധ മിഷനുകൾ വഴി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടോ; | (ബി) | പദ്ധതികളുടെ ഗുണനിലവാരവും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും ജനങ്ങളുടെ പ്രതികരണം ശേഖരിക്കുന്നതിനും നവകേരള നിർമ്മാണത്തിനായി പുതിയ ആശയങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.<br><br>ഭവന നിർമ്മാണം, ആരോഗ്യ സംരക്ഷണം,വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ,പരിസ്ഥിതി സുസ്ഥിരത തുടങ്ങി ജനജീവിതത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ജനങ്ങളുടെ അഭിപ്രായങ്ങൾ നേരിട്ട് അറിയിക്കാനും അതിൽ ഫലപ്രദമായ ഇടപെടൽ നടത്താനും |

| | | | |
|---|---|---|---|
| | | | 'മുഖ്യമന്ത്രി എന്നോടൊപ്പം' എന്ന പരിപാടി സഹായകരമാകും. |
| (സി) | പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | കിഫ്ബിയാണ് സിറ്റിസൺ കണക്ട് സെന്ററിലെ അടിസ്ഥാന-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. |
| (ഡി) | വികസന ക്ഷേമ പദ്ധതികൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധി എന്നിവയുടെ നടത്തിപ്പ് കാര്യക്ഷമവും ശക്തവുമാക്കുന്നതിന് പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | വികസന-ക്ഷേമ പദ്ധതികൾ, വിവിധ സംരംഭങ്ങൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി തുടങ്ങിയവയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകാനും ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ സഹായം അതിവേഗത്തിൽ ലഭ്യമാക്കുന്നതിനും കഴിയും. |
| (ഇ) | പദ്ധതി നടത്തിപ്പിന്റെ ചുമതല ഏത് വകുപ്പിനെയാണ് ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നത്; സി. എം. വിത്ത് മി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്ററിന്റെ നടത്തിപ്പും മേൽനോട്ടച്ചുമതലയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പിനാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br>29.09.2025 ന് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>1800-425-6789 എന്ന ടോൾഫ്രീ നമ്പറിലൂടെയും https://cmwithme.kerala.gov.in എന്ന വെബ് സൈറ്റിലൂടെയും email@cmwithme.in എന്ന ഇ-മെയിൽ വിലാസത്തിലും സിറ്റിസൺ കണക്ട് സെന്ററുമായി ബന്ധപ്പെടാം. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിവര പൊതുജന സമ്പർക്ക വകുപ്പ് - പൊതുജനങ്ങളുമായുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി ഒരു സംവിധാനം ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി- ഉത്തരവാകുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ)വകുപ്പ്**

സ.ഉ.(കൈ) നം.**7/2025/I&PRD** തീയതി,തിരുവനന്തപുരം, **29-08-2025**

---

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയവിനിമയം പരിപോഷിപ്പിക്കുക, ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുക, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, സർക്കാരിന്റെ പരിപാടികളും പദ്ധതികളും ജനങ്ങളിലെത്തിക്കുക തുടങ്ങിയ കാര്യങ്ങൾ ക്കായി ഒരു സംവിധാനം ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് എയർ ഇന്ത്യയിൽ നിന്നും ഏറ്റെടുത്ത കെട്ടിടത്തിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലെക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് പ്രവർത്തിക്കുന്ന ഭാഗം ഒഴികെയുള്ള സ്ഥലം ഈ സംവിധാനത്തിനുവേണ്ടി റവന്യൂ വകുപ്പ് അനുവദിച്ചു നൽകേണ്ടതാണ്. ഇതിനാവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) ചുമതലപ്പെടുത്തുന്നു. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി തിരുവനന്തപുരം,
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sangeetha R Nair
Date: 30-08-2025 12:37:25



File No. E1/85/2025-IandPRD (Computer No. 3270249)

Generated from eOffice by LEKSHMI MOHAN M, ASST(E1)I&PRD, ASST(E1)I&PRD, Information and Public Relations on 29/09/2025 08:45 PM

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിവര പൊതുജന സമ്പർക്ക വകുപ്പ് - പൊതുജനങ്ങളുമായുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ സഹായത്തോടെ 'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ രൂപീകരിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ)വകുപ്പ്**

സ.ഉ.(കൈ) നം.8/2025/I&PRD തീയതി,തിരുവനന്തപുരം, 18-09-2025

---

പരാമർശം:- 1. 29.08.2025-ലെ സ.ഉ (കൈ) നം.7/2025/ ഐ & പി.ആർ.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരും പൊതു ജനങ്ങളും തമ്മിലുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുക, ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുക, ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുക, സർക്കാരിന്റെ പരിപാടികളും പദ്ധതികളും ജനങ്ങളിലെത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു സംവിധാനം ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു തത്വത്തിൽ അംഗീകാരം നൽകിയും ഇതിലേക്കായി തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് എയർ ഇന്ത്യയിൽ നിന്നും ഏറ്റെടുത്ത കെട്ടിടത്തിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് പ്രവർത്തിക്കുന്ന ഭാഗം ഒഴികെയുള്ള സ്ഥലം ഈ സംവിധാനത്തിനുവേണ്ടി റവന്യൂ വകുപ്പ് അനുവദിച്ചു നൽകേണ്ടതാണെന്നും, ഇതിനാവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കിഫ്ബിയെ ചുമതലപ്പെടുത്തിയും പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

സുതാര്യവും നൂതനവുമായ ഒരു സംവിധാനത്തിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തിച്ചേരാനും ജനങ്ങളുടെ അഭിപ്രായം ഉൾക്കൊള്ളാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സർക്കാർ പദ്ധതികളും പരിപാടികളും ജനങ്ങളിലെത്തിക്കുന്നതിനുമായാണ് മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

'മുഖ്യമന്ത്രി എന്നോടൊപ്പം പരിപാടിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രധാന സർക്കാർ പദ്ധതികൾ, ക്ഷേമ പദ്ധതികൾ, മേഖലാധിഷ്ഠിത സംരംഭങ്ങൾ, CMDRF (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി)യുമായി ബന്ധപ്പെട്ട നിജസ്ഥിതി, തുടങ്ങിയവയെക്കുറിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ നൽകുക.



File No. E1/85/2025-IandPRD (Computer No. 3270249)

Generated from eOffice by LEKSHMI MOHAN M, ASST(E1)I&PRD, ASST(E1)I&PRD, Information and Public Relations on 29/09/2025 08:24 PM

2. പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും ജനങ്ങളുടെ പ്രതികരണം ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.

3. ഭവന നിർമ്മാണം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സുസ്ഥിരത തുടങ്ങിയ മേഖലകളിൽ, ജനജീവിതത്തെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങളിൽ ജനങ്ങളുടെ പ്രതികരണം ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.

4.പൊതുജനങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങൾക്കും പരാതികൾക്കും മറുപടി ഉറപ്പാക്കുക.

5.സ്ഥിരതയുള്ള ഒരു ജനസമ്പർക്ക സംവിധാനത്തിലൂടെ സുതാര്യതയും ഭരണത്തിലുള്ള ജനപങ്കാളിത്തവും വർദ്ധിപ്പിക്കുക.

6.അടിയന്തര ഘട്ടങ്ങളിൽ കൃത്യമായ വിവരങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിലൂടെയും ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ആശയവിനിമയം ഏകോപിപ്പിക്കുന്നതിലൂടെയും സർക്കാർ സഹായം വേഗത്തിൽ ലഭ്യമാക്കുന്നതിലൂടെയും വിശ്വസനീയമായ ഒരു ജനസേവന സംവിധാനമായി പ്രവർത്തിക്കുക.

'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ രൂപീകരിക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. പരിപാടിക്ക് ആവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും നൽകുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (KIIFB) ചുമതലപ്പെടുത്തുന്നു.

2. വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) ഓഫീസർമാർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരെ ആവശ്യാനുസരണം നിയമിക്കുന്നതിന് അംഗീകാരം നൽകുന്നു. അതിനായി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

3. പരിപാടിയുടെ മേൽനോട്ടത്തിനായി ആവശ്യമായ അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

4. സർക്കാർ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിനും അവരുടെ അഭിപ്രായം സ്വരൂപിക്കാനും അവർ ഉന്നയിക്കുന്ന വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ അവരെ അറിയിക്കാനും ഉള്ളടക്ക നിർമ്മാണം, ഇതു സംബന്ധിച്ച വിവരണ പ്രചാരണ സാമഗ്രികളുടെ നിർമ്മാണത്തിനും, പ്രചരണത്തിനും മറ്റുമായി വിവര പൊതുജന സമ്പർക്ക വകുപ്പിന് അധിക വകയിരുത്തലിലൂടെ 20,00,00,000/- (ഇരുപത് കോടി രൂപ മാത്രം) അനുവദിക്കുന്നു.

5. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പ്, മേൽനോട്ടം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

6. തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് എയർ ഇന്ത്യയിൽ നിന്ന് ഏറ്റെടുത്ത കെട്ടിടത്തിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് പ്രവർത്തിക്കുന്ന ഭാഗം ഒഴികെയുള്ള സ്ഥലത്ത് സിറ്റിസൺ കണക്ട് സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി തിരുവനന്തപുരം,

പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ്
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)/(ജി&എ)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂമീഡിയ)
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Kavitha. G R
Date: 19-09-2025 10:18:57
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിവര പൊതുജന സമ്പർക്ക് വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്
വിവര പൊതുജന സമ്പർക്ക് വകുപ്പ് ഡയറക്ടറുടെ സി.എയ്ക്ക്
ജോയിന്റ് സെക്രട്ടറി, വിവര പൊതുജന സമ്പർക്ക് വകുപ്പ്